കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചവറ ബ്ലോക്ക് പഞ്ചായത്ത് - 2006-07 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി ധനസഹായം അനുവദിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2395/14/തസ്വഭവ തീയതി, തിരുവനന്തപുരം, 16.09.2014

=====================================================================

പരാമർശം: ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.2014 ലെ കത്ത്.

**ഉത്തരവ്**

ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 2006-07 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി ചവറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിച്ചതിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം ആഡിറ്റ് തടസ്സം ഉന്നയിക്കുകയും ടി പദ്ധതി 2009-10 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയതിന് സി.ഡി.പി.ഒ. ശ്രീമതി.ഗീതാകുമാരിക്കെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ 2,00,000/- രൂപ സർചാർജ്ജ് ചുമത്തിയിട്ടുള്ളതുമാണ്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഖണ്ഡിക | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിനിയോഗിച്ച തുക | തടസ്സം | നിരാകരണം |
|---|---|---|---|---|---|---|
| 1 | 2006-07 | 3(1) | CDPO | 2,00,000 | 1,91,238 | 8762 |
| 2 | 2007-08 | 3(1) | CDPO | 1,50,000 | 1,39,500 | |
| 3 | 2008-09 | 3(2) | CDPO | 2,00,000 | | 2,00,000 |
| 4 | 2009-10 | 3(2) | CDPO | 2,00,000 | | 2,00,000 |
| 5 | 2010-11 | 3(5) | CDPO | 2,00,000 | | 2,00,000 |
| 6 | 2011-12 | 3(5) | CDPO | 2,50,000 | | 2,50,000 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 2006-07 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി ചവറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിച്ച് നൽകിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ചവറ ബ്ലോക്ക് പഞ്ചായത്ത്, ശങ്കരമംഗലം പി.ഒ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ